**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 428** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കളിമൺ- ഓട്ടുകമ്പനി വ്യവസായ മേഖല</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ്
മന്ത്രി)

**(എ)** തൃശ്ശൂർ ജില്ലയിലെ ഏറ്റവും വലിയ പരമ്പരാഗത വ്യവസായമായിരുന്ന കളിമൺ - ഓട്ടുകമ്പനി വ്യവസായ മേഖല വലിയ പ്രതിസന്ധിയിലും അടച്ചു പൂട്ടൽ ഭീഷണിയിലുമാണ് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** വ്യവസായത്തിന്റെ പ്രധാന അസംസ്കൃത വസ്തുവായ കളിമണ്ണ് ലഭ്യമാക്കുന്നതിനും കളിമൺ വ്യവസായം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനും ഈ മേഖലയിൽ ഉണ്ടാകുന്ന വലിയ തൊഴിൽ നഷ്ടം പരിഹരിച്ച് കൂടുതൽ പേർക്ക് തൊഴിൽ അവസരം സൃഷ്ടിക്കുന്നതിനും ആവശ്യമായ ഇടപെടലുകളും നടപടികളും സർക്കാർ സ്വീകരിക്കുമോ?

**<u>മറുപടി:</u>** കളിമണ്ണ് ഉൾപ്പടെ എല്ലാ ധാതു ഖനന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതികാ നുമതിയോടു കൂടിയുള്ള ഖനന പെർമിറ്റ് സമ്പാദിക്കണം എന്ന വ്യവസ്ഥ യുണ്ടെങ്കിൽ കൂടി മൺപാത്ര തൊഴിലാളികൾക്ക് പരമ്പരാഗത മൺപാത്ര തൊഴിലാളിയാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കി യാൽ പുരയിടം ഇനത്തിൽപെട്ട ഭൂമിയിൽ ഭൂവുടമയുടെ സമ്മതപത്രത്തോടെ, പ്രതിവർഷം 50 മെട്രിക് ടൺ കളിമണ്ണ് നീക്കം ചെയ്യുന്നതിന് നിലവിൽ അനുമതി നൽകി വരുന്നു.

പാരിസ്ഥിതികാനുമതി ലഭ്യമാക്കേണ്ടുന്ന ഇനത്തിൽ നിന്നും കേന്ദ്ര വനംപരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് പ്രസ്തുത ഇളവ് നൽകിയിട്ടുള്ളതാണ്. എന്നാൽ വ്യാവസായിക അടിസ്ഥാനത്തിൽ ഓട് ഇഷ്ടിക നിർമ്മാണത്തിനാവശ്യമായ ചെളി ഖനനം ചെയ്യുന്നതിനു ദീപക് കുമാർ കേസിലെ (ദീപക് കുമാർ VS. സ്റ്റേറ്റ് ഓഫ് ഹരിയാന) ബഹു.സുപ്രീംകോടതിയുടെ വിധിന്യായത്തിനു ശേഷം മുൻകൂർ പാരിസ്ഥിതികാനുമതിയോടുകൂടിയുള്ള ക്വാറിയിങ് പെർമിറ്റ് സമ്പാദിക്കേ ണ്ടതുണ്ട്. കളിമൺ വ്യവസായികൾക്ക് പെർമിറ്റ് സമ്പാദിക്കുവാനുള്ള നടപടി ക്രമങ്ങൾ സുഗമമാക്കുന്നതിന്റെ ഭാഗമായി മൈനിങ് & ജിയോളജി വകുപ്പ് കേരള സ്റ്റേറ്റ് റിമോർട്ട് സെൻസിങ് & എൻവയോൺമെന്റ് സെന്ററും (KSREC) സംയുക്തമായി തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ (KSIDC) സഹായ ത്തോടെ കളിമണ്ണ് ലഭ്യമാക്കുന്ന സ്ഥലങ്ങളെ സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ട്.

കളിമൺ വ്യവസായം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് നിലവിൽ കളിമൺ മേഖലയിലെ സംരംഭങ്ങൾക്ക് സർക്കാരിന്റെ ASHA, PMEGP, ESS, MMLഎന്നീ പദ്ധതികൾ പ്രകാരം ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ട്. വ്യവസായ ഉൽപ്പന്ന പ്രദർശന വിപണന മേളകളിൽ കളിമൺ പാത്രനിർമ്മാതാക്കൾക്കു മതിയായ പ്രാതിനിധ്യം ഉറപ്പാക്കുകയും വിപണന സൗകര്യങ്ങൾ ഒരുക്കി കൊടുക്കുകയും ചെയ്യുന്നുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ PM VISWAKARMA പദ്ധതി പ്രകാരം പരിശീലനവും 15,000/-രൂപയുടെ ടൂൾ കിറ്റും 3,00,000/-രൂപ വരെ 5% പലിശ നിരക്കിൽ ബാങ്ക് വായ്പയും നൽകുന്നു.

**സെക്ഷൻ ഓഫീസർ**